നമ്പർ. എ.ഡി.എൽ (5)53019/07

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 15.1.2008.

## <u>സർക്കുലർ നമ്പർ. 3/2008.</u>

*വിഷയം:-സഹകരണ വകുപ്പ് "സഹകരണ നവരത്നം കേരളീയം"- 'കുടിശിഖ നിവാരണം ശതശതമാനം കേരളീയം -നഷ്ട നിവാരണം കേരളീയം' പദ്ധതി നിർവ്വഹണം-അധിക ഇളവുകൾ-സംബന്ധിച്ച്.*

*സൂചന:- ഈ ആഫീസിലെ **75/07**-ാം നമ്പർ സർക്കുലർ.*

"സഹകരണ നവരത്നം കേരളീയം-കുടിശിഖ നിവാരണം- ശതശതമാനം കേരളീയം - നഷ്ട നിവാരണം കേരളീയം" പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി സൂചന പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

പ്രസ്തുത കർമ്മ പദ്ധതിയ്ക്ക് ഇതിനോടകം ജനങ്ങളിൽ ആർജ്ജിച്ച വിശ്വാസവും നിർദ്ദേശങ്ങളും കണക്കിലെടുത്ത് പദ്ധതിയുടെ പ്രയോജനം വായ്പക്കാർക്ക് കൂടുതൽ നേട്ടമുണ്ടാകും വിധം ടി കാലയളവിൽ (അതായത് 2008 ഫെബ്രുവരി മാസം) കുടിശിഖ വായ്പ ഒന്നായി അടച്ചു തീർക്കുന്നവർക്ക് ചുവടെ പരാമർശിക്കുന്ന ഇളവുകൾ കൂടി നൽകുന്നതിന് തീരുമാനിച്ചതിനാൽ സൂചന സർക്കുലറിലെ മൂന്നാം ഖണ്ഡികയും അഞ്ചാം ഖണ്ഡികയും ചുവടെ പ്രസ്താവിക്കും വിധം ഇതിനാൽ ഭേദഗതി വരുത്തി പുതുക്കി നിശ്ചയിക്കുന്നു.

(3-ാം ഖണ്ഡിക ചുവടെ ചേർക്കുംവിധം ഭേദഗതി ചെയ്യുന്നു).

| വായ്പ തുക | |
|---|---|
| 25000/- വരെ | മുതൽ + പലിശ (അതാത് കാലത്തെ നിക്ഷേപങ്ങളുടെ നിരക്കിൽ ഉള്ളതോ; മുതലിനു തുല്ല്യമായ പലിശയോ ഏതാണ് കുറവ്) ടി പലിശ തുകയുടെ 10% കൂടി കൂട്ടിയതിനുശേഷം പലിശ തുകയുടെ 5% ഇളവ്.) |
| 25000/--50000/- വരെ | മേൽ പരാമർശിച്ച പ്രകാരം കണക്കാക്കിയ തുകയുടെ 4% ഇളവ്. |
| 50000/- 100000/- വരെ | മേൽ പരാമർശിച്ച പ്രകാരം കണക്കാക്കിയ തുകയുടെ 3% ഇളവ്. |
| 1 ലക്ഷം രൂപ മുതൽ. | മേൽ പരാമർശിച്ച പ്രകാരം കണക്കാക്കിയ തുകയുടെ 2% ഇളവ്. |

(5-ാം ഖണ്ഡിക ചുവടെ ചേർക്കും വിധം ഭേദഗതി ചെയ്യുന്നു)

"ക്രമമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് നിലവിൽ ആനുകൂല്യങ്ങളൊന്നും നൽകാത്തതിനാൽ വായ്പാ തിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുന്നതിനായി മേലിൽ വായ്പതുക, വായ്പകാലാവധിയ്ക്കുള്ളിൽ ക്രമമായി അടച്ചുതീർക്കുന്നവർക്ക് ആകെ ടി വായ്പയിലേയ്ക്ക് അടച്ച പലിശയുടെ 5% തുക അവസാനത്തെ തവണ അടയ്ക്കുമ്പോൾ ഇളവ് നൽകാവുന്നതാണ്".

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ, എല്ലാ സഹകരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ മാർക്കായിരിക്കും. ഏതെങ്കിലും സ്ഥാപനം നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയാൽ അവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കേണ്ടതാണ്.

ഒപ്പ്,
റാണിജോർജ്ജ് ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ്:

1. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്.
2. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
3. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഹൗസിംഗ് ഫെഡറേഷൻ.
4. പ്രസിഡന്റ്/ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്കുകൾ.
5. പ്രസിഡന്റ്, സംസ്ഥാനത്തിലെ എല്ലാ അർബൻ സഹകരണ ബാങ്കുകളും. (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
6. ചെയർമാൻ,സംസ്ഥാന സഹകരണ യൂണിയൻ,
7. സംസ്ഥാന പ്രസിഡന്റ്/സെക്രട്ടറി, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ അസോസിയേഷൻ,
8. അർബൻ ബാങ്ക് ഫെഡറേഷൻ, പ്രസിഡന്റ്/സെക്രട്ടറി.
9. ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്).
10. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ). (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
11. സഹകരണ വീഥി. 12. സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം,

[signature]

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി